# അഹ്ലുസ്സുന്നത്തിവൽജമാഅഃ

## (വിശ്വാസസംഗ്രഹം)

SALAFI MASJID COMMITTEE
CALICUT-673017



ഡോ: നാസിർ അബ്ദിൽകരീം അൽഅഖൽ

വിവ: മുഹമ്മദ് കൊടിയത്തൂർ

എന്താണ് 'അഹ്‌ലുസ്സുന്നത്തി വൽ ജമാഅത്ത്'? അതിന്റെ മൂല തത്വങ്ങളെന്ത്? അതിന്റെ നിർവ്വചനത്തിൽ എന്തെല്ലാം ഉൾപ്പെടും? ആരെപ്പറ്റിയാണ് 'അഹ്‌ലുസ്സുന്നത്തി വൽജമാഅത്ത്' എന്ന് പറയുക?- ഇത്തരം കാര്യങ്ങളെക്കുറിച്ച ഹ്രസ്വ പ്രതിപാദനമാണ് ഈ കൃതിയിലുള്ളത്. അനാവശ്യമായ കക്ഷിത്വങ്ങളിൽ നിന്നും അഭിശപ്തമായ പുത്തനാചാരങ്ങളിൽ നിന്നും മാറി, യഥാർത്ഥ നബിചര്യയും സച്ചരിത പൂർവ്വീകരുടെ രീതിയും മനസ്സിലാക്കാൻ 'അഹ്‌ലുസ്സുന്നത്തി വൽജമാഅത്തിനെക്കുറിച്ച സ്വതന്ത്ര പഠനം ആവശ്യമാണ്. പക്ഷപാതിത്തമില്ലാത്ത അന്വേഷണം.

അഹ്‌ലുസ്സുന്നത്തി വൽജമാഅത്തിന്റെ വിശ്വാസ പ്രമാണങ്ങളെക്കുറിച്ച സംഗ്രഹ വിവരണം മാത്രമാണ് ഈ കൃതി. വിശദപഠനത്തിന് മറ്റു പ്രാമാണിക കൃതികളെ ആശ്രയിക്കേണ്ടതാണ്.

ഇവിടെ സംബോധിതർ പൊതുവെ മുസ്‌ലിംകളായതുകൊണ്ട് പല ഇസ്‌ലാമിക സംജ്ഞകൾക്കും മലയാളപദം നല്കാതെ അറബിപദങ്ങൾ തന്നെ നിലനിർത്തിയിരിക്കയാണ്. ഒന്നു രണ്ടിടങ്ങളിൽ ആവശ്യമില്ലെന്നു തോന്നിയ നീണ്ട പരാമർശങ്ങൾ ഒഴിവാക്കുകയും ചില സ്ഥലങ്ങളിൽ ആവശ്യമായ അടിക്കുറിപ്പുകൾ നൽകുകയും ചെയ്തിട്ടുണ്ട്. എങ്കിലും അതീവ സംഗ്രഹിതമായ മൂലകൃതിയിലെ എല്ലാ ഭാഗങ്ങളും അടിക്കുറിപ്പിലൂടെ വ്യക്തമാക്കാൻ സാധിച്ചിട്ടില്ല. പോരായ്മകളുണ്ടാവാം. ഗുണകാംക്ഷയോടെ അവ സൂചിപ്പിക്കാൻ സഹൃദയരോട് അപേക്ഷിക്കുന്നു. ഇതൊരു സൽകർമ്മമായിത്തീരാൻ പ്രാർത്ഥിക്കുന്നു. സഹകരിച്ചവർക്കെല്ലാം നന്ദി.

-വിവ:

# മുഖവുര

**"അഖീദ" എന്നാൽ:**

عَقَدَ എന്ന ധാതുവിൽ നിന്നാണ് عَقِيدَة (അഖീദ) എന്ന പദത്തിന്റെ നിഷ്പത്തി. കെട്ടുക, ഉറപ്പുവരുത്തുക, ഭദ്രമാക്കുക, എന്നൊക്കെയാണതിന്റെ ഭാഷാർത്ഥം. 'സംശയമില്ലാത്ത വിധത്തിലുള്ള ദൃഢവിശ്വാസം' എന്നാണ് സാങ്കേതികാർത്ഥം.

**'അൽഅഖീദതുൽ ഇസ്‌ലാമിയ്യ'(ഇസ്‌ലാമിക വിശ്വാസം):**

അല്ലാഹുവിലും അനിവാര്യമായ അവന്റെ ഏകത്വത്തിലും സൃഷ്ടികളുടെ വിധേയത്വത്തിലുമുള്ള അടിയുറച്ച വിശ്വാസം, മലക്കുകളിലും ദൈവിക ഗ്രന്ഥങ്ങളിലുമുള്ള വിശ്വാസം, ദൈവദൂതന്മാരിലും അന്ത്യദിനത്തിലുമുള്ള വിശ്വാസം, ഖദ്‌റിലും മറ്റ് അദൃശ്യകാര്യങ്ങളിലുമുള്ള വിശ്വാസം, അല്ലാഹുവിന്റെ ജ്ഞാനത്തെ സംബന്ധിച്ചും കർമ്മങ്ങളെ സംബന്ധിച്ചുമുള്ള എല്ലാ വിവരണങ്ങളിലും ഖണ്ഡിതകാര്യങ്ങളിലുമുള്ള വിശ്വാസം. ഇവയെല്ലാമാണ് 'അൽഅഖീദതുൽ ഇസ്‌ലാമിയ്യ' എന്ന പേരിലറിയപ്പെടുന്നത്.

**'അസ്സലഫുസ്സ്വാലിഹ്':**

നബിതിരുമേനിയുടെ ശിഷ്യന്മാരായ സഹാബികളും അവരെ തുടർന്നു വന്ന 'താബിഉക'ളും ആദ്യത്തെ ഉത്തമമായ മൂന്ന് ശതകങ്ങളിലെ സന്മാർഗ്ഗനായകന്മാരും അടങ്ങുന്ന മുസ്‌ലിം സമുദായത്തിലെ മുൻഗാമികളാണ് 'അസ്സലഫുസ്സ്വാലിഹ്' എന്നറിയപ്പെടുന്നത്. അവരെ അനുഗമിച്ചുകൊണ്ട്, അവരുടെ പാതയിൽ സഞ്ചരിക്കുന്ന, സകല കാലങ്ങളിലെയും നല്ല മനുഷ്യരെ പൊതുവിൽ 'സലഫികൾ' എന്നു വിളിക്കുന്നു.

**' അഹ്‌ലുസ്സുന്നത്തി വൽജമാഅത്ത്'**

നബിയും സഹാബികളും ഏതൊരു മാർഗ്ഗത്തിലായിരുന്നോ അതേ മാർഗ്ഗത്തിലുള്ളവരെപ്പറ്റിയാണ്'അഹ്‌ലുസ്സുന്നത്തി വൽജമാഅത്ത്' എന്നു പറയുന്നത്. തിരുചര്യകൾ പിന്തുടരുകയും അതു മുറുകെ പിടിക്കുകയും ചെയ്യുന്നതുകൊണ്ടാണ് 'അഹ്‌ലുസ്സുന്നത്ത്' എന്നു പറയുന്നത്.

സത്യത്തിൻെറ പാതയിൽ ഒത്തൊരുമിക്കുകയും മതകാര്യത്തിൽ ഭിന്നിക്കാതിരിക്കുകയും സത്യത്തിൻെറ നേതാക്കളെ അംഗീകരിക്കുകയും അവർക്കെതിരെ രംഗത്തിറങ്ങാതിരിക്കുകയും 'സലഫുസ്സാലിഹു'കൾ ഏകോപിച്ച കാര്യങ്ങളെ പിന്തുടരുകയും ചെയ്യുന്നതു കൊണ്ടാണ് അവർക്ക് 'അൽജമാഅ' എന്നു പേർ വന്നത്. അവർ റസൂൽ തിരുമേനിയുടെ ചര്യ പിന്തുടരുന്നു. സഹാബികളുടെ നടപടികളെ അംഗീകരിക്കുന്നു. അതുകൊണ്ടാണ് അവർക്ക് 'അഹ്‌ലുൽ ഹദീസ്' എന്നും 'അഹ്‌ലുൽ അഥർ' എന്നും 'അഹ്‌ലുൽ ഇത്തിബാഅ്' എന്നുമൊക്കെ പേര് വന്നത്. 'ഫിർഖത്തുന്നാജിയ' (വിജയിക്കുന്ന വിഭാഗം) എന്നും 'ത്വാഇഫതുൽ മൻസൂറ' എന്നുമൊക്കെ അറിയപ്പെടുന്നതും അവരത്രെ. ●

(ഒന്ന്)

# ഗവേഷണ രംഗത്തെ നിയമ തത്വങ്ങൾ

(1) ഖുർആൻ, സുന്നത്ത്, സലഫുസ്സ്വാലിഹുകളുടെ ഇജ്മാഅ് ഇവയാണ് വിശ്വാസകാര്യങ്ങളുടെ ഉറവിടം.[1]

(2) ശരിയായി റിപ്പോർട്ട് ചെയ്യപ്പെട്ട എല്ലാ നബിചര്യയും സ്വീകരിക്കേണ്ടതാണ്. ഏക മാർഗ്ഗത്തിലൂടെ റിപ്പോർട്ടു ചെയ്യപ്പെട്ടതാണെങ്കിലും.

(3) ഖുർആനും സുന്നത്തും മനസ്സിലാക്കാനുള്ള ശരിയായ അവലംബം അവയുടെതന്നെ 'നസ്സു' (Text)കളാണ്. പിന്നെ സലഫുസ്സാലിഹുകളും അവരുടെ പാത സ്വീകരിച്ചവരും മനസ്സിലാക്കിയ രീതിയും. കേവലം ഭാഷാപരമായ വ്യാഖ്യാന സാധ്യതകളാൽ അതിനെ എതിർക്കാവതല്ല.

(4) മതത്തിന്റെ അടിസ്ഥാന കാര്യങ്ങളെല്ലാം തന്നെ റസൂൽ തിരുമേനി നമുക്ക് വ്യക്തമാക്കിത്തന്നിട്ടുണ്ട്. അതുകൊണ്ട് തന്നെ ഒരാൾക്കും പുതിയൊരു കാര്യം മതത്തിൽ കൂട്ടിച്ചേർക്കാൻ അനുമതിയില്ല.

---

(1) ഖുർആനും സുന്നത്തും മാതൃകയാക്കിയ മുൻഗാമികളുടെ ഏകീകൃതാഭിപ്രായം 'ഖുർആനും സുന്നത്തു'മെന്ന രണ്ട് ആധാരങ്ങളിൽ നിന്ന് പുറത്താവില്ല.
-വിവ:

(5) അല്ലാഹുവിൻെറയും റസൂലിൻെറയും കല്പനകൾക്കു മുമ്പിൽ പ്രത്യക്ഷവും പരോക്ഷവുമായി സമ്പൂർണ്ണ സമർപ്പണം നിർവ്വഹിക്കുക. വല്ല പണ്ഡിതൻെറയോ ഇമാമിൻെറയോ വാക്കുകൊണ്ടോ, 'ഖിയാസ് കൊണ്ടോ' മറ്റൊ വിശുദ്ധ ഖുർആനിലേയോ ശരിയായ നബിചര്യയിലേയോ യാതൊരു കാര്യത്തിന്നും എതിര് വരാതിരിക്കുക.

(6) പ്രമാണ രേഖയോട് യോജിച്ച വ്യക്തമായ ചിന്ത. പ്രമാണരേഖയുടെയും വ്യക്തമായ ചിന്തയുടെയും ഖണ്ഡിത കാര്യങ്ങൾ തമ്മിൽ വൈരുധ്യമാവാതിരിക്കുക. അങ്ങനെ വൈരുധ്യം വരാൻ സാധ്യതയുള്ളേടത്ത് പ്രമാണരേഖക്കാണ് മുൻഗണന നൽകേണ്ടത്.

(7) വിശ്വാസകാര്യങ്ങളിൽ 'ശറഇ'യ്യായ പദങ്ങൾ ഉപയോഗിക്കുകയും ബിദ്അത്തായ പദങ്ങൾ വെടിയുകയും വേണം. തെറ്റായും ശരിയായും വ്യാഖ്യാനിക്കപ്പെടാൻ സാധ്യതയുള്ളേടത്ത് പദങ്ങളുടെ ആശയം വിശദീകരിക്കപ്പെടണം. 'ശറഇ'യ്യായ പദം കൊണ്ട് ശരിയായ ആശയം സ്ഥാപിക്കുകയും അസത്യമായതിനെ തള്ളിക്കളയുകയും വേണം.

(8) റസൂൽ തിരുമേനി പാപമുക്തനാണെന്ന് സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്. റസൂൽ തിരുമേനിയുടെ ഉമ്മത്ത് ഒരിക്കലും ദുർമാർഗ്ഗത്തിൽ ഏകോപിക്കുകയില്ലെന്നും വ്യക്തമാണ്. എന്നാൽ സമുദായത്തിലെ വ്യക്തികളാരും പാപമുക്തരാണെന്ന് സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. ഇമാമുകൾക്കും മറ്റും അഭിപ്രായവ്യത്യാസമുള്ള വിഷയങ്ങൾ പരിശുദ്ധ ഖുർആനിലേക്കും തിരുചര്യയിലേക്കും മടക്കുകയാണ് വേണ്ടത്. സമുദായത്തിലെ ഗവേഷകരായ പണ്ഡിതർക്കും തെറ്റുപറ്റാവുന്നതാണ് എന്ന ബോധത്തോടെ.

(9) തിരുമേനിയുടെ ഉമ്മത്തിൽ 'ഇൽഹാം'(വെളിപാട്) ലഭിക്കുന്നവരുണ്ടാവാം. സജ്ജനങ്ങളുടെ സ്വപ്നം സത്യമായിത്തീരാം. അത് ദൈവികമായ അദൃശ്യബോധനങ്ങളിൽ പെട്ടതാണ്. സജ്ജനങ്ങൾ ലക്ഷണം നോക്കി പറയുന്നത് സത്യമായിത്തീരാം. കറ

മത്തുകളും സുവാർത്തകളുമാണിതൊക്കെ. പക്ഷെ ശരീഅത്തി നോട് യോജിച്ചതായിരിക്കണമെന്ന നിബന്ധനയുണ്ട്. മാത്രമല്ല, അവ ഒരിക്കലും വിശ്വാസപരമോ മതനിയമപരമോ ആയ കാര്യ ങ്ങളിൽ പ്രമാണമായിരിക്കുകയില്ല.

(10) മത കാര്യങ്ങളിൽ തർക്കിക്കാൻ പാടില്ല. ആക്ഷേപകരമായ കാര്യമാണത്. നല്ല നിലക്ക് സംവാദമാവാം. വിരോധിക്കപ്പെട്ട തർ ക്കങ്ങളിൽ നിന്ന് മാറിനിൽക്കേണ്ടതാണ്. ഒരു സത്യവിശ്വാസി തനിക്ക് അറിവില്ലാത്ത കാര്യങ്ങളിൽ ഇടപെടാൻ പാടില്ല. അത്തരം പ്രശ്നങ്ങൾ അല്ലാഹുവിങ്കലേക്ക് വിടുകയാണ് വേണ്ടത്.

(11) വിശ്വാസ കാര്യങ്ങൾക്ക് ആധാരം പ്രവാചകൻ തിരുമേനിക്കു ലഭിച്ച വഹ്യ് ആണല്ലോ. അതുപോലെ ഒരു കാര്യം തള്ളുന്ന വിഷയത്തിലും അത് തന്നെയാവണം മാനദണ്ഡം. ഒരു ബിദ്അത്തി നെ മറ്റൊരു ബിദ്അത്ത് കൊണ്ട് എതിർക്കാൻ പാടില്ല. ഇസ്ലാ മിക വിധികൾ വെട്ടിച്ചുരുക്കുന്ന(തഫ്രീത്)തിനെ എതിർക്കാൻ വേണ്ടി ഇസ്ലാമിൽ അമിതത്വമോ (ഗുലുവ്വ്) അമിതത്വത്തെ (ഗു ലുവ്വിനെ) നേരിടാൻവേണ്ടി വെട്ടിച്ചുരുക്കലോ (തഫ്രീത്വോ) പാടില്ല.

(12) മതത്തിൽ പുതുതായി കടത്തിക്കൂട്ടുന്നതെല്ലാം ബിദ്അത്താ ണ്. എല്ലാ ബിദ്അത്തുകളും വഴികേടാണ്. എല്ലാ വഴികേടുകളും നരകത്തിലേക്കാണ്. ●

(രണ്ട്)

## ..ശ്വാസപരവും വിജ്ഞാനപരവുമായ തൗഹീദ്

(1) അല്ലാഹുവിന്നുണ്ടെന്ന് അല്ലാഹുവോ റസൂലോ അറിയിച്ച ഗുണ വിശേഷങ്ങളെ ഉപമയും രൂപചിത്രീകരണവും കൂടാതെ അംഗീ കരിക്കുക. അല്ലാഹുവിന്ന് ഉണ്ടാവാൻ പാടില്ലെന്ന് അല്ലാഹുവോ റസൂലോ പറഞ്ഞ കാര്യങ്ങൾ യാതൊരു വ്യതിയാനവുമില്ലാതെ, അല്ലാഹുവിന്ന് ഉണ്ടാവാൻ പാടില്ലെന്ന് അംഗീകരിക്കുക. അല്ലാഹു പറയുന്നു:

"അല്ലാഹുവിനു തുല്യമായി യാതൊന്നുമില്ല. അവൻ എല്ലാം കാണുന്നവനും കേൾക്കുന്നവനുമാകുന്നു."(വി. ഖു: 42: 11)

ഖുർആനിലും ഹദീസിലും വന്ന പദങ്ങളുടെ ആശയം അപ്പടി വിശ്വസിക്കേണ്ടതുണ്ട്.

(2) അല്ലാഹുവിൻെറ നാമങ്ങളേയും ഗുണവിശേഷങ്ങളേയും ഉപമി ക്കുന്നതും അതുപോലെ നിഷേധിക്കുന്നതും 'കുഫ്ർ' (സത്യനി ഷേധം) ആണ്.

വ്യാഖ്യാനിക്കുകയാണെന്ന പേരു പറഞ്ഞ് ദൈവിക ഗുണ വിശേഷങ്ങളെ വികലമാക്കുന്ന'ബാത്വിനിയ്യാ'ക്കളുടെയും മറ്റും ദുർ വ്യാഖ്യാനങ്ങൾ 'കുഫ്ർ'(സത്യനിഷേധം) ആണ്. ദൈവികഗുണവി ശേഷങ്ങളെ നിഷേധിക്കുന്നവരുടെ ചെയ്തികൾ ബിദ്അത്തും

വഴികേടുമാണ്. അതുപോലെ തെറ്റായ മറ്റു രൂപങ്ങളുമുണ്ട്.
(3) അദ്വൈതം, അവതാര സങ്കല്പം എന്നിവ സത്യനിഷേധമാണ്. മതത്തിൽ നിന്ന് പുറത്തുപോകുന്ന കാര്യമാണ്.
(4) അല്ലാഹുവിൻെറ എല്ലാ മലക്കുകളെപ്പറ്റിയും മൊത്തത്തിൽ വിശ്വസിക്കുക. പ്രത്യേകം പേരും ഗുണവിശേഷങ്ങളും കർമ്മങ്ങളുമൊക്കെ വിശദീകരിക്കപ്പെട്ട മലക്കുകളെപ്പറ്റി വിശദമായിത്തന്നെ വിശ്വസിക്കുക.
(5) അല്ലാഹു അവതരിപ്പിച്ച എല്ലാ ഗ്രന്ഥങ്ങളിലും വിശ്വസിക്കുക. വിശുദ്ധ ഖുർആനാണ് അവയിൽ ഏറ്റവും ഉത്തമമെന്നും ഖുർആൻ എല്ലാ പൂർവ്വ ഗ്രന്ഥങ്ങളെയും നിഷ്ഫലമാക്കിയിട്ടുണ്ടെന്നും വിശ്വസിക്കുക. പൂർവ്വവേദങ്ങളിൽ അനുയായികളാൽ വന്നുചേർന്ന കൈക്രിയകളാണതിന്ന് കാരണം. ഇനി എല്ലാവരും ഖുർആനെ മാത്രമേ അനുധാവനം ചെയ്യാൻ പാടുള്ളൂ.
(6) അല്ലാഹുവിൻെറ എല്ലാ ദൂതന്മാരിലും വിശ്വസിക്കുക. മനുഷ്യരിൽ വെച്ചേറ്റവും ഉത്തമന്മാരാണ് അവരെന്നും വിശ്വസിക്കുക. ഇത് അംഗീകരിക്കാത്തവൻ 'കാഫിർ' ആണ്. വിശുദ്ധ ഖുർആനിൽ പേരെടുത്തു പറഞ്ഞവരെപ്പറ്റി പ്രത്യേകമായിത്തന്നെ വിശ്വസിക്കുക. എല്ലാ പ്രവാചകന്മാരെക്കാളും ശ്രേഷ്ടനാണ് മുഹമ്മദ് നബി (സ). അദ്ദേഹത്തിൻെറ ദൗത്യം അഖിലമാനവതയ്ക്കുമുള്ളതാണ്. അല്ലാഹുവിൻെറ അവസാനത്തെ ദൂതനാണ് അദ്ദേഹം.
(7) മുഹമ്മദ് നബിയോടു കൂടി പ്രവാചകത്വം അവസാനിച്ചുകഴിഞ്ഞു. മുഹമ്മദ് നബി അവസാനത്തെ ദൈവ ദൂതനാണ്. ഇതിന്നെതിരായ വിശ്വാസം വെച്ചുപുലർത്തുന്നവൻ 'കാഫിർ' ആണ്.
(8) അന്ത്യനാളിലും അതിൻെറ അടയാളങ്ങളിലും മറ്റു വിവരണങ്ങളിലും വിശ്വസിക്കുക.
(9) 'ഖദ്റി'ൽ വിശ്വസിക്കുക. നന്മതിന്മകളെല്ലാം അല്ലാഹുവിൽ നിന്നുള്ളതാണെന്ന് വിശ്വസിക്കുക. വരാനിരിക്കുന്ന കാര്യങ്ങളെപ്പറ്റി അല്ലാഹു മുൻകൂട്ടി അറിയുന്നു: അവൻ അത് 'ലൗഹുൽ മഹ്ഫ;

ളിൽ' രേഖപ്പെടുത്തുന്നു. അവൻ ഉദ്ദേശിച്ചത് സംഭവിക്കുന്നു. ഉദ്ദേശിക്കാത്തതൊന്നും സംഭവിക്കുകയുമില്ല. അല്ലാഹു എല്ലാറ്റിന്നും കഴിവുള്ളവനാണ്. അവൻ എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാണ്. അവൻ ഉദ്ദേശിച്ചത് അവൻ പ്രവർത്തിക്കുന്നു.

(10) അല്ലാഹുവിൻെറ സിംഹാസനം, 'കുർസി', സ്വർഗ്ഗം,നരകം, ഖബർശിക്ഷ, ഖബറിലെ രക്ഷ, സ്വിറാത്ത്,മീസാൻ, മുതലായ അദൃശ്യകാര്യങ്ങളിൽ നിന്നും ഖുർആനിലോ ഹദീസിലോ തെളിവുള്ള കാര്യങ്ങളിൽ യാതൊരു ദുർവ്യാഖ്യാനവും ഇല്ലാതെ നേർക്കുനേരെ വിശ്വസിക്കുക.

(11) പരലോകത്ത് മുഹമ്മദ് നബിയുടെയും മറ്റ് നബിമാരുടെയും മലക്കുകളുടെയും സജ്ജനങ്ങളുടെയും ശുപാർശയുണ്ടായിരിക്കുമെന്ന് വിശ്വസിക്കുക.(2)

(12) സത്യവിശ്വാസികാംക്ക് അന്ത്യനാളിൽ മഹ്ശറയിൽ വെച്ചും സ്വർഗ്ഗത്തിൽ വെച്ചും അല്ലാഹുവിനെ കാണാൻ കഴിയും. ആരെങ്കിലും ഇത് നിഷേധിക്കുകയോ ദുർവ്യാഖ്യാനിക്കുകയോ ചെയ്താൽ അവൻ പിഴച്ചു പോയതായി കണക്കാക്കുന്നതാണ്. ഭൂമിയിൽ വെച്ച് ആർക്കും അല്ലാഹുവിനെ കാണാൻ കഴിയില്ല.

(13) സജ്ജനങ്ങാംക്കും ഔലിയാക്കാംക്കും കറാമത്തുണ്ടാവാം. അസാധാരണമായ എല്ലാ കാര്യവും കറാമത്തായിക്കൊള്ളണമെന്നി

---

(2) ഭൗതികലോകത്ത് നടക്കുന്ന പോലെയുള്ള യാതൊരു ശുപാർശയും പരലോകത്ത് നടക്കില്ല. രണ്ടു കാര്യങ്ങാം ശ്രദ്ധേയമാണിവിടെ:

(എ) അല്ലാഹു ശഫാഅത്ത് (ശുപാർശ) സ്വീകരിക്കുമെന്ന് പറഞ്ഞവർ തന്നെ അല്ലാഹുവിൻെറ അനുമതി ലഭിച്ച ശേഷമേ ശുപാർശ ചെയ്യൂ എന്ന് ഖുർആൻ 2: 255ൽ വ്യക്തമാക്കിയിട്ടുണ്ട്.

(ബി) പ്രവാചകരോ മലക്കുകളോ സജ്ജനങ്ങളോ ആരും തന്നിഷ്ടമനുസരിച്ചു ശുപാർശ ചെയ്യില്ല. അല്ലാഹു നിർദ്ദേശിക്കുന്ന വ്യക്തികാംക്കു വേണ്ടി മാത്രമേ അവർ ശുപാർശ ചെയ്യൂ എന്ന് വി: ഖു: 21: 28, 20: 109 എന്നിവിടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. അപ്പോാം പിന്നെ ഭൗതിക സങ്കല്പത്തിലുള്ള യാതൊരു ശുപാർശയും അവിടെ നടക്കില്ലെന്ന് വ്യക്തം.

-വിവ:

ല്ല. ചിലത് പരിശീലനത്തിലൂടെ ആർജ്ജിക്കാവുന്ന വിദ്യകളാവാം. ചിലത് പൈശാചിക ദു:സ്വാധീനങ്ങളിലൂടെയുമാവാം. കറാമ ത്താണോ അല്ലേ എന്ന് തീരുമാനിക്കാനുള്ള മാനദണ്ഡം ഖുർ ആനിനോടും നബിചര്യയോടും അത് യോചിക്കുന്നുണ്ടോ എന്ന താണ്.

(14) 'മുഅ്മിനീ'ങ്ങളെല്ലാം അല്ലാഹുവിന്റെ ഔലിയാക്കളാണ്. ഓരോ 'മുഅ്മി'ന്നും (ദൃഢവിശ്വാസി) അവന്റെ വിശ്വാസ ദാർഢ്യ ത്തിന്റെ തോതനുസരിച്ച് 'വിലായത്ത്' (ദൈവസാമീപ്യം) ഉണ്ടാ യിരിക്കും. ●

(മൂന്ന്)

# 'ഉലൂഹിയ്യ'ത്തിലെ ഏകത്വം

(1) അല്ലാഹു ഏകനാണ്. അദ്വിതീയൻ. രക്ഷാകർതൃത്വത്തിലോ ആരാധ്യതയിലോ അവന്ന് യാതൊരു വിധ പങ്കുകാരുമില്ല. അവന്റെ നാമവിശേഷണങ്ങളും ഗുണങ്ങളുമെല്ലാം അവന്ന് മാത്രമുള്ളതാണ്. എല്ലാ തരത്തിലുള്ള ഇബാദത്തും അവന്നു മാത്രം അവകാശപ്പെട്ടതാണ്.

(2) ഇബാദത്തിന്റെ യാതൊരിനവും അല്ലാഹുവല്ലാത്തവർക്ക് അർപ്പിക്കാൻ പാടില്ല. രാജാക്കളോ പ്രവാചകരോ സജ്ജനങ്ങളോ ആരും തന്നെ പ്രാർത്ഥനയ്ക്കോ അഭൗതികമായ സഹായാഭ്യർത്ഥനയ്ക്കോ നേർച്ചവഴിപാടുകൾക്കോ ഭരമേല്പിക്കുന്നതിനോ അർഹരല്ല. ഇബാദത്തിന്റെ സ്വഭാവമുള്ള ഭയം, പ്രതീക്ഷ, സ്നേഹം തുടങ്ങിയവയൊന്നും അല്ലാഹുവല്ലാത്തവർക്ക് അർപ്പിച്ചു കൂടാ. അത് 'ശിർക്കാ'ണ്. ബഹുദൈവത്വമെന്ന മഹാപാപമാണ്.

(3) ഭയത്തോടും പ്രതീക്ഷയോടും സ്നേഹത്തോടും കൂടിയായിരിക്കണം അല്ലാഹുവിന്ന് ഇബാദത്ത് ചെയ്യേണ്ടത്. ഇത് ഇബാദത്തിന്റെ തത്വങ്ങളിൽപ്പെട്ടതാണ്.

"സ്നേഹഭാവത്തോടെ മാത്രം അല്ലാഹുവിനെ ആരാധി

ക്കുന്നവൻ 'സിൻദീഖാ'[3]ണെന്നും ഭയത്തോടെ മാത്രം ആരാധിക്കുന്നവൻ 'ഹറൂറിയ്യ'[4] ആണെന്നും പ്രതീക്ഷയോടെ മാത്രം ആരാധിക്കുന്നവൻ 'മുറജ്ജിഅ്'[5] ആണെന്നും" ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

(4) അല്ലാഹുവിനോടും റസൂലിനോടുമുള്ള പ്രീതിയും അനുസരണവും നിരുപാധിക വിധേയത്വവും ഉണ്ടായിരിക്കണം. ആജ്ഞയിലോ വിധിയിലോ യാതൊരുവിധ പങ്കുകാരുമില്ലാത്ത രക്ഷിതാവും ആരാധ്യനുമാണ് അല്ലാഹു എന്ന ദൃഢവിശ്വാസം വേണം.

അല്ലാഹുവിൻെറ അനുമതിയില്ലാത്ത വിധത്തിലുള്ള നിയമനിർമ്മാണവും[6] താഗൂത്തിനോടുള്ള വിധിതേട്ടവും മുഹമ്മദ് നബിയുടേതല്ലാത്ത ശരീഅത്തിനെ പിന്തുടരലും ഇസ്‌ലാമിക ശരീഅത്തിൽ മാറ്റം വരുത്തലുമെല്ലാം 'കുഫ്ർ' ആണ്. മുഹമ്മദ് നബി(സ) പഠിപ്പിച്ചുതന്ന ശരീഅത്തിനെ ലംഘിക്കാൻ അവകാശമുണ്ടെന്ന് വാദിക്കുന്നവൻ കാഫിറായിത്തീരും.

(5) അല്ലാഹു അവതരിപ്പിച്ചതല്ലാത്തതു[6]കൊണ്ട് വിധി നടത്തുന്നത് ഗുരുതരമായ 'കുഫ്ർ' ആണ്. ചിലപ്പോൾ അത് അത്രതന്നെ ഗുരുതരമല്ലാത്ത കുഫ്റുമാവാം. അല്ലാഹുവിൻേറതല്ലാത്ത 'ശറഅ്' സ്വീ

---

3. സിൻദീഖ്-കപടഭക്തൻ, നിർമ്മതൻ തുടങ്ങിയ അർത്ഥങ്ങൾ നൽകപ്പെടുന്നുണ്ട്.

4. ഇറാഖിലെ ഹറൂറി ഗ്രാമത്തോട് ചേർത്തു പറയുന്ന വിഭാഗമാണ് 'ഹറൂറി'കൾ. ഖവാരിജുകളാണിവർ.

5. 'വൻകുറ്റം ചെയ്തവൻ 'ഫാസിഖ്'(തെമ്മാടിയ)ല്ല. സത്യവിശ്വാസം സ്വീകരിച്ചാൽ പിന്നെ പാപം ചെയ്താലും പ്രശ്നമില്ല. സത്യനിഷേധത്തോടു കൂടി പുണ്യകർമ്മം സ്വീകാര്യമല്ലാത്തതുപോലെത്തന്നെ സത്യവിശ്വാസിയായിരിക്കെ പാപം ചെയ്താൽ ശിക്ഷിക്കപ്പെടുകയുമില്ല' എന്നിങ്ങനെ വിശ്വസിക്കുന്നവരാണ് 'മുറജ്ജിഅ്'.

6. ഖുർആനിലോ സുന്നത്തിലോ പ്രത്യേകം എടുത്തു പറഞ്ഞ മതനിയമനിർമ്മാണങ്ങളാണിവിടെ ഉദ്ദേശ്യം. ഖുർആനും സുന്നത്തും സ്വതന്ത്രമായി വിട്ട കേവല ഭൗതിക കാര്യങ്ങളെക്കുറിച്ച മത വിരുദ്ധമല്ലാത്ത നിയമങ്ങൾ ഇവിടെ ഉദ്ദേശ്യമില്ല.
-വിവ:

കരിക്കലും അതനുസരിച്ചു വിധി നടത്തലും അനുവദനീയമാണെന്ന് വിശ്വസിക്കുന്നതാണ് ഗുരുതരമായ 'കുഫ്ർ'. അല്ലാഹുവിന്റെ 'ശറഅ്' അംഗീകരിച്ചുകൊണ്ട് തന്നെ ദേഹേച്ഛയാൽ ഏതെങ്കിലുമൊരു പ്രത്യേക കാര്യത്തിൽ അതിൽ നിന്നു വ്യതിചലിക്കുന്നത് ഗുരുതരമല്ലാത്ത 'കുഫ്ർ' ആണ്.

(6) ചിലരെ മാറ്റി നിർത്തി മറ്റുള്ളവർക്കായി നിയമം നിർമ്മിക്കുക, രാഷ്ട്രീയത്തേയോ മറ്റോ മതത്തിൽ നിന്ന് വേർപെടുത്തുക മുതലായവ തികച്ചും തെറ്റാണ്. ശരീഅത്തിനു വിരുദ്ധമായതെല്ലാം-രാഷ്ട്രീയമോ മറ്റോ എന്തായാലും-ഓരോന്നിന്റെ പ്രാധാന്യവും പ്രസക്തിയുമനുസരിച്ച് 'കുഫ്റോ' മാർഗ്ഗച്യുതിയോ ആയിത്തീരുന്നതാണ്.

(7) ഗൈബ് (അദൃശ്യം) അല്ലാഹുവിന്നു മാത്രമേ അറിയൂ. അല്ലാഹുവല്ലാത്ത ആർക്കെങ്കിലും 'ഗൈബ്' അറിയുമെന്നു വിശ്വസിച്ചാൽ അവൻ കാഫിറായിത്തീരും. 'ഗൈബിൽ' നിന്നും ചില കാര്യങ്ങളാം അല്ലാഹു തന്റെ ചില നബിമാർക്ക് അറിയിച്ചു കൊടുക്കാറുണ്ട്.

(8) ജോത്സ്യന്മാരും കണക്കു നോട്ടക്കാരും പറയുന്നത് വിശ്വസിച്ചാൽ കഫിറാവും. അവരെ സമീപിക്കുന്നത് വൻ കുറ്റമാണ്.

(9) നിർദ്ദിഷ്ട സൽക്കർമ്മങ്ങളിലൂടെയുള്ള 'ഇടതേട്ട'മേ(തവസ്സുൽ) ഖുർആൻ പഠിപ്പിക്കുന്നുള്ളു. മൊത്തത്തിൽ 'തവസ്സുൽ' മൂന്നു തരമാണ്;

(എ) നിർദ്ദിഷ്ട രീതി :

അല്ലാഹുവിന്റെ നാമങ്ങളും ഗുണ വിശേഷണങ്ങളും സ്വന്തം സൽക്കർമ്മങ്ങളും' ജീവിച്ചിരിക്കുന്ന സജ്ജനങ്ങളുടെ പ്രാർത്ഥനയും മുഖേനെയുള്ള 'വസീല'യാണ് ഇസ്ലാം അനുവദിക്കുന്നതും നിർദ്ദേശിക്കുന്നതും.

(ബി) ബിദ്അത്തായ രീതിയിലുള്ളത്:

പ്രവാചകന്മാരുടെയും സജ്ജനങ്ങളുടെയും 'ദാത്ത്'(സ്വത്വം), അവരുടെ ഹഖ്-ജാഹ്-ബഹുമാനം എന്നിവയിലൂടെയുള്ള

ഇടതേട്ടം ബിദ്അത്താണ്. മതത്തിൽ പുതുതായി കടത്തിക്കൂട്ടിയ സമ്പ്രദായം. ("മതത്തിൽ പുതുതായി കടത്തിക്കൂട്ടുന്നത് ദുർമാർഗ്ഗമാണ്, എല്ലാ ദുർമാർഗ്ഗങ്ങളും നരകത്തിലേക്കാണ് എത്തിച്ചേരുകയെന്ന് നബി(സ) പ്രസ്താവിച്ചിരിക്കുന്നു". -വിവ:)

(സി) ശിർക്കിന്റേതായ രീതി:

മരിച്ചുപോയവരെ മാധ്യമമാക്കി ആരാധിക്കലും അവരോട് പ്രാർത്ഥിക്കലും അവരോട് സഹായാഭ്യർത്ഥന നടത്തലും മറ്റും ശിർക്കാണ്- ബഹുദൈവത്തമാണ്. അല്ലാഹു ഒരിക്കലും പൊറുക്കാത്ത മഹാപാപം.

(10) 'ബർക്കത്തു'ണ്ടാവുക അല്ലാഹുവിൽ നിന്നാണ്. അല്ലാഹു ഉദ്ദേശിക്കുന്നവർക്കു അവൻ ഉദ്ദേശിക്കുന്ന കാര്യത്തിൽ മാത്രമേ അതുണ്ടാവൂ. ഏതെങ്കിലും വസ്തുവിന്നോ വ്യക്തിക്കോ സ്ഥലത്തിനോ സമയത്തിന്നോ ബർക്കത്തുണ്ടെന്ന് വിശ്വസിക്കണമെങ്കിൽ വ്യക്തമായ തെളിവു വേണം. ഇസ്ലാം അംഗീകരിക്കുന്ന വ്യക്തമായ തെളിവുള്ള 'ബർക്കത്തു'കളുടെ ചില ഉദാഹരണങ്ങൾ:

സമയം : ലൈലതുൽ ഖദ്ർ

സ്ഥലം : മസ്ജിദുൽ ഹറാം, മസ്ജിദുന്നബവി, മസ്ജിദുൽ അഖ്സാ എന്നീ മൂന്നു പള്ളികൾ

വസ്തുക്കൾ : സംസം വെള്ളം

കർമ്മങ്ങൾ : എല്ലാ സൽക്കർമ്മങ്ങളും അനുഗൃഹീതമാണ്.

വ്യക്തികൾ : പ്രവാചക വ്യക്തിത്വങ്ങൾ.

പ്രവാചകൻ തിരുമേനി(സ)യുടെതല്ലാത്ത വ്യക്തിത്വം കൊണ്ടോ മുദ്രകൾ കൊണ്ടോ 'ബർക്കത്ത്' തേടാൻ പാടില്ല. കാരണം അതിന്നു തെളിവില്ല. റസൂൽ തിരുമേനിയുടെതു തന്നെ അദ്ദേഹത്തിന്റെ വിയോഗത്തോടെ അവസാനിക്കുകയും ചെയ്തിട്ടുണ്ട്.

(11) വ്യക്തമായ തെളിവുള്ള കാര്യങ്ങളിലൂടെ മാത്രമേ 'ബർക്കത്ത്' തേടാവൂ.

(12) ഖബർ സന്ദർശനം നടത്തുന്നതിൽ ജനങ്ങൾ മൂന്നു തരമാണ്:

(എ) മതം നിർദ്ദേശിച്ച രീതിയിലുള്ളത്:

പരലോക ബോധം ഉണ്ടാക്കാനും മരിച്ചുപോയവരുടെ മേൽ സലാം ചൊല്ലാനും അവർക്ക് വേണ്ടി പ്രാർത്ഥിക്കാനും വേണ്ടിയുള്ള സന്ദർശനം.

(ബി) ബിദ്അത്തായ രീതിയിലുള്ളത്:

തൗഹീദിന്ന് വിരുദ്ധവും ശിർക്കിൻെറ കവാടങ്ങളിലൊന്നുമാണിത്. ഖബറുകളുടെ അടുത്തുവെച്ച് അതിൻെറ 'ബർക്കത്തു' തേടിക്കൊണ്ടും മറ്റും അല്ലാഹുവിന്നുള്ള ആരാധനയും അവനോടുള്ള സാമീപ്യവും ഉദ്ദേശിക്കുക. ഖബറിൻെറ അടുത്തു വെച്ച് പ്രതിഫലം ദാനം ചെയ്യുക, ഖബർ കെട്ടിപ്പൊക്കുക, അതു സിമൻറിട്ട് ഉറപ്പിക്കുക, അവിടെ വിളക്കു കത്തിക്കുക, അതിനെ സുജൂദിൻെറ വേദിയാക്കുക, അങ്ങോട്ട് തീർത്ഥാടനം നടത്തുക മുതലായ കാര്യങ്ങളെല്ലാം മത വിരുദ്ധവും ശരീഅത്തിൽ യാതൊരടിസ്ഥാനമില്ലാത്തതുമാണ്.

(സി) ശിർക്കിൻെറതായ രീതി:

ഖബറിലുള്ള വ്യക്തിക്ക് ഏതെങ്കിലും രൂപത്തിലുള്ള ഇബാദത്തിൻെറ ഒരംശം അർപ്പിക്കുന്നത് ശിർക്കാണ്. അല്ലാഹുവല്ലാത്തവരോട് പ്രാർത്ഥിക്കുന്നതും അഭൗതികമായ രീതിയിൽ അവരോട് സഹായം തേടുന്നതും ഖബറിനെ ത്വവാഫ് ചെയ്യുന്നതും അതിന്നായി ബലിയും നേർച്ചയും സംഘടിപ്പിക്കുന്നതുമെല്ലാം ശിർക്കാകുന്നു.

(13) അല്ലാഹുവിന്നുള്ള ഇബാദത്തിൽ പങ്കുചേർക്കാനോ ബിദ്അത്തു ചെയ്യാനോ ഉള്ള എല്ലാ മാർഗ്ഗങ്ങളും കൊട്ടിയടക്കേണ്ടതാണ്. കാരണം ലക്ഷ്യം പോലെത്തന്നെയാണ് ആ ലക്ഷ്യത്തിലേക്കുള്ള മാർഗ്ഗങ്ങളും.

"മതത്തിൽ പുതുതായി കടത്തിക്കൂട്ടുന്നതെല്ലാം ബിദ്അത്താണ്. എല്ലാ ബിദ്അത്തുകളും മാർഗ്ഗ ഭ്രംശമാകുന്നു. എല്ലാ മാർഗ്ഗ ഭ്രംശങ്ങളും നരകത്തിലേക്കും..." (ഹദീസ്)

## (നാല്)

# സത്യ വിശ്വാസം

(1) വാക്കും പ്രവർത്തിയും ചേർന്നതാണ് ഈമാൻ. ഈമാൻ കൂട
കയും കുറയുകയും ചെയ്യും. "അത് മനസ്സിൻെറയും നാവിൻെറയു
വചനമാണ്. മനസ്സിൻെറയും നാവിൻെറയും പാർശ്വങ്ങളുടെയു
കർമ്മവും."

മനസ്സിൻെറ വചനം എന്നു പറഞ്ഞാൽ വിശ്വസിക്കലു
സത്യപ്പെടുത്തലുമാണ്. നാവിൻെറ വചനമെന്നാൽ; അംഗീകാരമ
ണ്. മനസ്സിൻെറ കർമ്മമെന്നാൽ; വിധേയത്വവും നിഷ്കളങ്കതയ
അനുസരണവും സ്നേഹവും സൽകർമ്മങ്ങളുദ്ദേശിക്കലുമാണ
പാർശ്വങ്ങളുടെ കർമ്മമെന്നാൽ; നിർദ്ദിഷ്ട കാര്യങ്ങൾ പ്രവർത്ത
ക്കലും നിരുദ്ധകാര്യങ്ങൾ ഉപേക്ഷിക്കലുമാണ്.

(2) സത്യ വിശ്വാസത്തിൽ നിന്ന് കർമ്മത്തെ അടർത്തിമാറ്റുന്നവ
'മുറജ്ജി അ്'[7] ആണ്. സത്യവിശ്വാസത്തിലേക്ക് വല്ലതും കടത്ത
ക്കൂട്ടുന്നവൻ 'മുബ്തദിഉം'.[8]

---

7. 'മുറജ്ജിഅ്'- 53ം നമ്പർ അടിക്കുറിപ്പ് നോക്കുക

8. 'മുബ്തദിഅ്'- ബിദ്അത്തു ചെയ്യുന്നവൻ-മതത്തിൽ പുതുതായി വല്ലര
കടത്തിക്കൂട്ടുന്നവൻ.

-വി

(3) രണ്ട് 'കലിമത്തുശ്ശഹാദ'കൾ അംഗീകരിക്കാത്തവന് സത്യവിശ്വാസിയെന്ന് പറയാൻ പറ്റില്ല. ഇഹലോകത്തോ പരലോകത്തോ അവന്ന് സത്യവിശ്വാസിയുടെ വിധി ബാധകമാവുകയുമില്ല.

(4) മതപരമായ രണ്ട് സംജ്ഞകളാണ് ഇസ്ലാം, ഈമാൻ എന്നിവ. അവയ്ക്കിടയിൽ പൊതു ബന്ധമുള്ള ചിലകാര്യങ്ങളുണ്ട്. ചില കാര്യങ്ങളിൽ വെവ്വേറെ ബാധിക്കുന്ന മണ്ഡലങ്ങളുമുണ്ട്. വിശുദ്ധ കഅ്ബയെ ഖിബ്ലയായി അംഗീകരിക്കുന്നവരെയെല്ലാം പൊതുവെ മുസ്ലിമെന്നു പറയാം.

(5) വൻ പാപം ചെയ്തവൻ സത്യവിശ്വാസിയല്ലാതാവുന്നില്ല. വിശ്വാസഭംഗം വന്ന വിശ്വാസിയാണവൻ ഇഹലോകത്ത്. പരലോകത്താകട്ടെ അല്ലാഹുവിന്റെ തീരുമാനത്തിലാണവന്റെ ഭാവി. അല്ലാഹുവിന് അവനെ ശിക്ഷിക്കാം. വേണമെങ്കിൽ പൊറുത്തുകൊടുക്കുകയും ചെയ്യാം. 'മുവഹ്ഹി[9]ദുകളെല്ലാം സ്വർഗ്ഗത്തിലെത്തിച്ചേരും. അവരിൽ ആരെങ്കിലും നരകത്തിൽ ശിക്ഷിക്കപ്പെട്ടാൽ തന്നെയും അതിൽ അവർ ശാശ്വതരാവില്ല.

(6) വ്യക്തമായ പ്രമാണത്തിന്റെ അടിസ്ഥാനത്തിലല്ലാതെ ആരെപ്പറ്റിയും സ്വർഗ്ഗത്തിലാണെന്നോ നരകത്തിലാണെന്നോ വിധിയെഴുതാൻ പാടില്ല.

(7) ഇസ്ലാമിക നിയമത്തിൽ 'കുഫ്ർ' രണ്ടുതരമാണ്. (ഒന്ന്) മതത്തിൽ നിന്ന് പുറത്തുപോവുന്ന ഗുരുതരമായ കുഫ്ർ. (രണ്ട്) മതത്തിൽ നിന്നു പുറത്തു പോവാത്ത ചെറിയ കുഫ്ർ. കർമ്മപരമായ മേഖലയിലുള്ള കുഫ്ർ എന്ന് ചിലപ്പോൾ ഇത് വിശേഷിപ്പിക്കപ്പെടാറുണ്ട്.

(8) ഒരാൾ കാഫിറാണെന്നോ അല്ലെന്നോ ഉള്ള വിധി ഖുർആനും നബിചര്യയും ആധാരമായിട്ടുള്ള ശരീഅത്തുവിധികളിൽ പെട്ട കാര്യമാണ്.

---

(9). മുവഹ്ഹിദ്-"യഥാർത്ഥ ഏകദൈവവിശ്വാസി"-വിവ:

ശരീഅത്തിൻെറ വ്യക്തമായ തെളിവില്ലാതെ വാക്കിലൂടെയോ പ്രവർത്തിയിലൂടെയോ ഒരൊറ്റ മുസ്‌ലിമിനെയും കാഫിറായി ചിത്രീകരിച്ചു കൂടാ. വ്യക്തമായ ഉപാധികൾ പൂർത്തിയാവുകയും യാതൊരു തടസ്സവും നിലനിൽക്കാതിരിക്കുകയും ചെയ്യുന്നതുവരെ ഒരാളുടെ വാക്കോ പ്രവർത്തിയോ നോക്കി മാത്രം അയാളെപ്പറ്റി കാഫിറാണെന്നു പറഞ്ഞുകൂടാ. കാഫിറായി പ്രഖ്യാപിക്കുകയെന്നത് വളരെ ഗുരുതരമായ കാര്യമാണ്. അതിനാൽ ഒരു മുസ്‌ലിമിനെ 'കാഫിറാ'ക്കുന്നത് വളരെയേറെ സൂക്ഷിച്ചുകൊണ്ടായിരിക്കണം.

(അഞ്ച്)

## വിശുദ്ധ ഖുർആൻ

(1) അക്ഷരങ്ങളും ആശയങ്ങളുമടക്കം വിശുദ്ധ ഖുർആൻ അല്ലാഹുവിൻെറ വചനമാണ്. അത് സൃഷ്ടിയല്ല. അല്ലാഹുവിൽ നിന്ന് അവതരിച്ചതാണ്. അത് അല്ലാഹുവിൽ നിന്ന് ആരംഭിച്ചു. അവനിലേക്ക് തന്നെ മടങ്ങുന്നതുമാണ്. മുഹമ്മദ് നബി(സ)യുടെ സത്യസന്ധതക്കുള്ള തെളിവാണത്. അന്ത്യനാൾവരെ അത് സുരക്ഷിതമായി നിലനിൽക്കുന്നതാണ്.

(2) അല്ലാഹു ഇച്ഛിക്കുമ്പോൾ ഇച്ഛിക്കുന്ന കാര്യം ഇച്ഛിക്കും വിധം സംസാരിക്കുന്നു. അല്ലാഹുവിൻെറ വചനം യാഥാർത്ഥ്യമാണ്. ശബ്ദവും അക്ഷരവുമുള്ളതാണത്. അതിൻെറ രൂപം നാമൂക്കറിയില്ല. അതിൻെറ ആഴത്തിലേക്ക് നാം കടന്നു ചിന്തിക്കുകയുമില്ല.

(3) അല്ലാഹുവിൻെറ വചനം ആത്മീയവും ആശയപരവുമാണെന്ന വാദവും ഖുർആൻ ഒരു കഥനമോ അലങ്കാരമോ പ്രവാഹമോ മറ്റോ ആണെന്നുള്ള വാദവുമെല്ലാം 'മാർഗ്ഗച്യുതി'യാണ്. ചിലപ്പോൾ അത് 'കുഫ്റു'മായേക്കും.

(4) ഖുർആനിൽ നിന്ന് വല്ലതും നിഷേധിക്കുകയോ ഖുർആനിൽ ന്യൂനതയാരോപിക്കുകയോ മായം ചേർക്കുകയോ അതിനെ വികലമാക്കുകയോ ചെയ്യുന്നവൻ കാഫിറായി മാറുന്നതാണ്.

(5) പൂർവ്വ കാല പണ്ഡിതരുടെ മാതൃകയായി അറിയപ്പെട്ട രൂപത്തിൽ മാത്രമേ ഖുർആൻ വ്യാഖ്യാനിക്കാൻ പാടുള്ളൂ. സ്വേച്ഛ പ്രകാരം ഖുർആൻ വ്യാഖ്യാനിച്ചുകൂടാ. അല്ലാഹുവിനെക്കുറിച്ച് അറിവില്ലാത്ത കാര്യങ്ങൾ ആരോപിക്കുന്നതിന് തുല്യമാണത്. ബാത്വിനിയ്യാക്കളുടേതു[10] പോലുള്ള വ്യാഖ്യാനങ്ങൾ കുഫ്റാണ്-സത്യ നിഷേധമാണ്.

10. ഖുർആനിക വചനങ്ങൾക്ക് ബാഹ്യവും ആന്തരികവുമായ രണ്ട് അർത്ഥ തലങ്ങളുണ്ടെന്നും ആന്തരികമായ അർത്ഥതലത്തിലേക്കെത്താൻ എല്ലാവർക്കും കഴിയില്ലെന്നും വാദിക്കുന്നവരാണ് 'ബാത്വിനി'യ്യാക്കൾ.

-വിവ:

(ആറ്)

# വിധി വിശ്വാസം

(1) നന്മയും തിന്മയുമായ സകല കാര്യങ്ങളും അല്ലാഹുവിൽ നിന്നാണുണ്ടാവുന്നത് എന്ന വിശ്വാസം ഈമാൻ കാര്യങ്ങളിൽ പെടുന്നു. ഇൽമ്(അറിയുക), കിത്താബത്ത് (രേഖപ്പെടുത്തുക), മശീഅത്ത്(ഉദ്ദേശിക്കുക), ഖൽഖ്(സൃഷ്ടിക്കുക) തുടങ്ങി ഖദ്റിൻെറ(ദൈവവിധിയുടെ) എല്ലാ പദവികളും നാം അംഗീകരിക്കണം.

(2) ഇറാദത്ത് (ഉദ്ദേശ്യം), 'അംറ്'(ആജ്ഞ) എന്നിവ ഖുർആനിലും ഹദീസിലും പരാമർശിക്കപ്പെട്ടത് രണ്ടർത്ഥത്തിലാണ്.

(എ) പ്രാപഞ്ചിക തലത്തിലുള്ളത്:

അത് സംഭവിക്കുന്നു. പക്ഷെ അത് അല്ലാഹുവിന്ന് പ്രിയംകരമാണ് എന്ന് അതിന്നർത്ഥമില്ല. ["അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അവർ പരസ്പരം പോരടിക്കുമായിരുന്നില്ല. പക്ഷെ അല്ലാഹു ഉദ്ദേശിക്കുന്നത് അവൻ പ്രവർത്തിക്കുന്നു"(വി.ഖു: 2: 253) ഇത് പ്രാപഞ്ചിക തലത്തിലുള്ള അല്ലാഹുവിൻെറ 'ഇറാദത്തിന് ഉദാഹരണമാണ്-വിവ:]

(ബി) ശറഇയ്യായ അർത്ഥത്തിലുള്ളത്:

ഇത് അല്ലാഹു ഇഷ്ടപ്പെടുകയും പ്രിയം വെക്കുകയും

ചെയ്യുന്നു. പക്ഷെ അനിവാര്യമായി ഉണ്ടാവണമെന്നില്ല. ["നിങ്ങളുടെ പശ്ചാതാപം സ്വീകരിക്കണമെന്നാണ് അല്ലാഹു ആഗ്രഹിക്കുന്നത്" (വി: ഖു: 4: 27) ഇത് ശറഇയ്യായ അർത്ഥത്തിലുള്ള അല്ലാഹുവിൻെറ ഇറാദത്തിന് ഉദാഹരണമാണ്.- വിവ:]

സൃഷ്ടികളുടെ ' ഇറാദത്തും മശീഅത്തും (ഉദ്ദേശ്യം) അല്ലാഹുവിൻെറ ഇറാദത്തിനോടും മശീഅത്തിനോടും തുടർന്നു വരുന്നതു മാത്രമാണ്.[11]

(3) അടിമകാംക്ക് ഹിദായത്ത് ലഭിക്കുന്നതും അവർ വഴിപിഴച്ചു പോകുന്നതും അല്ലാഹുവിൻെറ പിടിയിലുള്ള കാര്യമാണ്. അല്ലാഹു തൻെറ ഔദാര്യത്താൽ ഹിദായത്ത് നൽകിയവരും ദൈവിക നീതി എന്ന നിലക്ക് ദുർമാർഗ്ഗത്തിൽ പെട്ടുപോയവരും അവൻെറ അടിമകളുടെ കൂട്ടത്തിലുണ്ട്.[12]

(4) അടിമകളും അവരുടെ കർമ്മങ്ങളും അല്ലാഹുവിൻെറ സൃഷ്ടിയാണ്. അല്ലാഹുവല്ലാതെ സ്രഷ്ടാവില്ല. സൃഷ്ടികളുടെ കർമ്മങ്ങാം സൃഷ്ടിക്കുന്നത് അല്ലാഹുവാണെങ്കിലും യഥാർത്ഥത്തിൽ കർമ്മം നിർവ്വഹിക്കുന്നത് അടിമകാം തന്നെയാണ്.

(5) അല്ലാഹുവിൻെറ പ്രവർത്തനങ്ങളിലെ യുക്തി അംഗീകരിക്കുക.

---

11. ഗഹനമായ ഈ വിഷയം മറ്റു പ്രാമാണിക ഗ്രന്ഥങ്ങളിൽ നിന്ന് വിശദമായി മനസ്സിലാക്കുക.

12. അല്ലാഹു എല്ലാവർക്കും നന്മയും തിന്മയും വേർതിരിച്ചു മനസ്സിലാക്കിക്കൊടുത്തിട്ടുണ്ട്. പ്രവാചകന്മാരിലൂടെയും വേദ ഗ്രന്ഥങ്ങളിലൂടെയും അവൻ ഇക്കാര്യം നിർവ്വഹിച്ചിട്ടുണ്ട്. എന്നിട്ട് അവൻ അവരുടെ മുമ്പിൽ രണ്ടിലൊന്നു തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകിയിരിക്കയാണ്. ആ സ്വാതന്ത്ര്യം നല്ല രീതിയിൽ വിനിയോഗിക്കുന്നതാണ് അല്ലാഹുവിന്നിഷ്ടം. അത്തരക്കാരെ അവൻ ഹിദായത്തിലാക്കുന്നു. ആ സ്വാതന്ത്ര്യം ദുരുപയോഗം ചെയ്ത് തിന്മ തിരഞ്ഞെടുത്തവരെ അവരുടെ തെറ്റായ തിരഞ്ഞെടുപ്പിൻെറ അനിവാര്യ നീതിയെന്നോണം അവൻ ദുർമാർഗ്ഗത്തിലാക്കുന്നു. അല്ലാതെ നിർബ്ബന്ധ പൂർവ്വം നിരപരാധികളെ വഴിതെറ്റിക്കുന്നവനല്ല അല്ലാഹു.

അല്ലാഹുവിൻെറ ഉദ്ദേശ്യത്തിന് പ്രത്യക്ഷ ഭൗതിക കാരണങ്ങളിൽ സ്വാധീനമുണ്ടെന്ന് നാം അംഗീകരിക്കുക.[13]

(6) എല്ലാറ്റിൻെറയും ആയുസ്സ് രേഖപ്പെടുത്തപ്പെട്ടതാണ്. ജീവിത വിഭവങ്ങാം വിഭജിക്കപ്പെട്ടതും.സൗഭാഗ്യവും നിർഭാഗ്യവും സൃഷ്ടികളെ സൃഷ്ടിക്കും മുമ്പ് തന്നെ രേഖപ്പെടുത്തപ്പെട്ടതാണ്.

(7) വിപത്തുകളും വേദനകളും സംഭവിക്കുമ്പോാം അത് അല്ലാഹുവിൻെറ വിധിയാംണന്നു പറഞ്ഞു സമാധാനിക്കാം. സൃഷ്ടികാം ചെയ്യുന്ന കുറ്റകൃത്യങ്ങാംക്കും പാപങ്ങാംക്കും 'ഖദ്റി'നെ ആക്ഷേപിക്കുന്നത് ശരിയല്ല. പാപങ്ങളിൽ നിന്നു പശ്ചാത്തപിക്കുകയാണ് വേണ്ടത്. പാപങ്ങളുടെ പേരിൽ ആക്ഷേപിക്കപ്പെടുക അതിൻെറ പ്രവർത്തകന്മാർ തന്നെയാണ്.

(8) ഭൗതിക കാരണങ്ങളെ മാത്രം ആശ്രയിക്കുന്നത് ശിർക്കാണ്. അവയെ പാടെ അവഗണിക്കുന്നതോ ശരീഅത്തിനെ നിന്ദിക്കലും. ഭൗതിക കാരണങ്ങളുടെ സ്വാധീനത്തെ നിഷേധിക്കുന്നത് ബുദ്ധിക്കും ശരീഅത്തിന്നുമെതിരാണ്. ഭൗതിക കാരണങ്ങളെ അംഗീകരിക്കുന്നതു കൊണ്ട് അല്ലാഹുവിലുള്ള 'തവക്കുലി'നെ(ഭരമേല്പിക്കുക) നിഷേധിക്കലാവുന്നില്ല. 'തവക്കുൽ' ചെയ്യുന്നതു കൊണ്ട് ഭൗതിക കാരണങ്ങളെ പാടെ നിഷേധിക്കണമെന്നില്ല.[14] ●

---

13, 14. നബി(സ)പറയുകയുണ്ടായി: "നീ ഒട്ടകത്തെ കെട്ടിയിടുക. എന്നിട്ട് അല്ലാഹുവിൽ 'തവക്കുൽ ചെയ്യുക."(ഹദീസ്) 'ഒട്ടകത്തെ കെട്ടിയിടുക' എന്ന ഭൗതിക കാരണം പൂർത്തിയാവുമ്പോഴേ ഒട്ടകത്തിനെ സംരക്ഷിക്കുക എന്ന ദൈവിക നടപടി പൂർത്തിയാവൂ. അതിനെ കെട്ടിയിടാതെ 'ഞാൻ അതിനെ അല്ലാഹുവിൽ ഭരമേല്പിക്കുന്നു' എന്നു പറഞ്ഞത് കൊണ്ട് കാര്യമില്ല. പ്രത്യക്ഷവും ഭൗതികവുമായി ചെയ്യേണ്ട കാര്യം ചെയ്തശേഷമേ അല്ലാഹുവിൽ ഭരമേല്പിക്കാവൂ. ഇതാണ് ശരിയായ നിലപാട്.

അല്ലാഹുവിൻെറ ഗുണവിശേഷങ്ങാം അംഗീകരിക്കാതെ കേവല ഭൗതികമായി മാത്രം കാര്യങ്ങളെ വിലയിരുത്തുന്നത് അല്ലാഹുവിൻെറ കഴിവ് മറ്റുള്ളവർക്ക് (ഭൗതിക വസ്തുവിന്നായാലും ശരി) വകവെച്ചുകൊടുക്കുന്ന ശിർക്കാണ്. -വിവ:

(എഴ്)

# ജമാഅത്തും ഇമാമത്തും

(1) നബി(സ)യുടെ അനുചരന്മാരും അവരുടെ കാല്പാടുകൾ പിന്തുടരുന്ന, അന്ത്യനാൾവരെയുള്ള പിൻഗാമികളുമാണ് ഇവിടെ 'അൽജമാഅത്ത്' എന്നതു കൊണ്ടുദ്ദേശ്യം. 'അൽഫിർഖത്തുന്നാജിയ'(വിജയിക്കുന്ന വിഭാഗം) എന്നു വിളിക്കുന്നതും അവരെയാണ്. അവരുടെ മാർഗ്ഗം പിൻപറ്റുന്നവരെല്ലാം 'അൽജമാഅത്തി'ൽ ഉൾപ്പെടും. ശാഖാപരമായ ചില വ്യതിയാനങ്ങളുണ്ടായാൽ പോലും.

(2) മതത്തിൻെറ കാര്യത്തിൽ ഛിദ്രത പാടില്ല. മുസ്‌ലിംകൾക്കിടയിൽ കുഴപ്പമുണ്ടാക്കാൻ പാടില്ല. അഭിപ്രായഭിന്നതയുള്ള പ്രശ്നങ്ങൾ വിശുദ്ധ ഖുർആനിലേക്കും തിരുസുന്നത്തിലേക്കും സലഫുസ്സ്വാലിഹു[15]കളുടെ മാർഗ്ഗരീതികളിലേക്കും വിടുകയാണു വേണ്ടത്.

---

(15) "നിങ്ങൾക്കിടയിൽ വല്ല കാര്യത്തിലും അഭിപ്രായഭിന്നതയുണ്ടായാൽ അതിനെ അല്ലാഹുവിലേക്കും (ഖുർആൻ) അല്ലാഹുവിൻെറ ദൂതനിലേക്കും (നബിചര്യ)മടക്കുക എന്നാണ് വിശുദ്ധ ഖുർആൻ (4: 59) പറയുന്നത്. ഈ രണ്ട് ആധാരങ്ങളിലൂന്നിക്കൊണ്ട് പ്രശ്ന പരിഹാരം തേടിയ സലഫുകളുടെ മാതൃകയാണിവിടെ ഉദ്ദേശ്യം.

-വിവ:

പേരിലറിയപ്പെടുന്ന പ്രവാചക പത്നിമാരുടെ മഹൽപദവി നാം മാനിക്കണം. സലഫുകളായ ഇമാമുകളെയും നബിചര്യയുടെ പണ്ഡിതരെയും സച്ചരിതരായ അവരുടെ പിൻഗാമികളെയും സ്നേഹിക്കണം. ബിദ്അത്തിന്റെയും ദേഹേച്ഛയുടെയും വക്താക്കളെ കൈയൊഴിക്കുകയും വേണം. മതത്തിന്റെ ഭാഗമാണിതെല്ലാം.

(14) അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജിഹാദ് ചെയ്യുന്നതിന് ഇസ്ലാമിൽ അത്യുദാത്ത പദവിയാണുള്ളത്. ജിഹാദ് അന്ത്യനാൾ വരെ നിലനിൽക്കുന്നതാണ്.

(15) സൽക്കാര്യങ്ങൾ ഉപദേശിക്കുക; ചീത്ത കാര്യങ്ങൾ നിരോധിക്കുക എന്നത് ഇസ്ലാമിന്റെ മഹത്തായ ചിഹ്നങ്ങളിലൊന്നാണ്. ഇസ്ലാമിക സമൂഹത്തിന്റെ നിലനിൽപ്പിന് അനിവാര്യമാണത്. കഴിവനുസരിച്ച് എല്ലാവരും അതു നിർവ്വഹിച്ചിരിക്കണം. അതിൽ പൊതുനന്മ പരിഗണിക്കേണ്ടതുണ്ട്. ●

# അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിൻെറ മുഖ്യ സവിശേഷതകാം

'വിജയിക്കുന്ന വിഭാഗം (അൽ ഫിർഖത്തുന്നാജിയ) എന്ന പേരിലറിയപ്പെട്ടത് 'അഹ്ലുസ്സുന്നത്തി വൽജമാഅത്താ'ണ്. അവർക്കിടയിൽ ചില പദവി വ്യത്യാസങ്ങളുണ്ടെങ്കിലും പൊതുവെ തിരിച്ചറിയാവുന്ന ചില അടയാളങ്ങളുണ്ട് അവർക്ക്.

(1) ഖുർആൻ പാരായണം ചെയ്തുകൊണ്ടും മനഃപാഠമാക്കിക്കൊണ്ടും വ്യാഖ്യാനം പഠിച്ചു കൊണ്ടും അതിനോടു കാണിക്കുന്ന താല്പര്യവും ശ്രദ്ധയും. അതുപോലെ നബിചര്യ പഠിക്കുകയും മനസ്സിലാക്കുകയും പ്രബലവും ദുർബ്ബലവും വ്യവച്ഛേദിക്കുകയും പഠിച്ചതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യാനുള്ള ദത്തശ്രദ്ധ.

(2) അവർ മതത്തിൽ പൂർണ്ണമായി പ്രവേശിക്കുന്നതാണ്. വിശുദ്ധ ഖുർആനിൽ അവർക്ക് സമ്പൂർണ്ണ വിശ്വാസമുണ്ടാവും. ഖുർആനിലെ വാഗ്ദാനങ്ങളും മുന്നറിയിപ്പുകളും പൂർണ്ണമായി അവർ ഉാം കൊള്ളുന്നതാണ്. അല്ലാഹുവിന്ന് ഉണ്ടാവേണ്ടതും ഉണ്ടാവാൻ പാടില്ലാത്തതുമായ ഗുണവിശേഷങ്ങളെല്ലാം മനസ്സിലാക്കി വിശ്വസിക്കേണ്ടവിധം അവർ അതിൽ വിശ്വസിക്കും. മനുഷ്യൻെറ ഇച്ഛാസ്വാതന്ത്ര്യവും അല്ലാഹുവിൻെറ ഖദ്റും തമ്മിൽ സമന്വ

യിപ്പിക്കാൻ അവർക്ക് കഴിയും. അതുപോലെ മറ്റു ചിലതും.

(3) അവർ പ്രവാചകമാതൃക പിന്തുടരുകയും ബിദ്അത്തിനെ കൈവിടുകയും ചെയ്യും. അവർ സംഘടിച്ചു പ്രവർത്തിക്കുന്നതും ശൈഥില്യം ഒഴിവാക്കുന്നതുമാണ്.

(4) സഹാബികളെയും താബിഉകളെയും പോലെ നീതിമാന്മാരും അനുകരണീയരുമായ നേതാക്കളുടെ മാർഗ്ഗമായിരിക്കും വിജ്ഞാനകർമ്മങ്ങളിലും പ്രബോധന പ്രവർത്തനങ്ങളിലും അവർ സ്വീകരിക്കുക.

(5) അവർ മിതത്വം പാലിക്കുന്നതാണ്. തീവ്രതയുടെയോ ജീർണ്ണതയുടെയോ കക്ഷികൾക്കൊപ്പം ചേരാതെ തികച്ചും മധ്യമ നിലയിലായിരിക്കും അവർ.

(6) മുസ്ലിംകളെ തൗഹീദിന്റെയും പ്രവാചകചര്യയുടെയും ആധാരത്തിൽ ഏകീകരിക്കാനും സകലമാന ശൈഥില്യങ്ങളുടെയും കാരണം വിട്ടകലാനും അവർ ഉത്സാഹിക്കുന്നതാണ്.

സുന്നത്തു ജമാഅത്തിന്റെ അടിസ്ഥാനത്തിലല്ലാതെ അവർ സമുദായത്തിൽ നിന്നു വേർതിരിഞ്ഞു നിൽക്കുകയില്ല. ഇസ്ലാമിന്റെയും നബിചര്യയുടെയും അടിസ്ഥാനത്തിലായിരിക്കും അവരുടെ ബന്ധവും ബന്ധവിച്ഛേദവുമെല്ലാം.

(7) അവർ അല്ലാഹുവിന്റെ മാർഗ്ഗത്തിലേക്ക് ജനങ്ങളെ ക്ഷണിക്കും. നന്മ കല്പിക്കുകയും തിന്മ വിരോധിക്കുകയും ഇസ്ലാമിക മാർഗ്ഗത്തിൽ ജിഹാദ് നടത്തുകയും ചെയ്യും. നബിചര്യയെ ജീവിപ്പിക്കാനും മതത്തിനു നവോത്ഥാനമുണ്ടാക്കാനും വേണ്ടി അവർ പ്രവർത്തിക്കും. ചെറുതും വലുതുമായ എല്ലാകാര്യത്തിലും അല്ലാഹുവിന്റെ ശരീഅത്ത് നടപ്പിലാക്കാൻ അവർ ശ്രമിക്കുന്നതാണ്.

(8) അവർ നീതിനിഷ്ഠയുള്ളവരായിരിക്കും. അല്ലാഹുവിന്റെ അവകാശത്തിനാണ് അവരുടെ അടുത്ത് പ്രാധാന്യം. വ്യക്തിപരമോ കക്ഷിപരമോ ആയ താല്പര്യങ്ങൾക്കല്ല. അതുകൊണ്ടു തന്നെ ബന്ധുവിനോട് അമിത ബന്ധമോ ശത്രുവിനോട് അതിക്രമമോ

അവർ കാണിക്കുകയില്ല. ഒരാളുടെയും മഹത്വം ഇടിച്ചു താഴ്ത്തുകയുമില്ല.

(9) സ്ഥലവും കാലവും പരിഗണിക്കുമ്പോൾ വളരെ അകൽച്ച തോന്നാമെങ്കിലും സുന്നത്തു ജമാഅത്തിൻെറ വക്താക്കൾക്കിടയിൽ ചിന്താഗതിയിലും സമീപനങ്ങളിലുമെല്ലാം യോജിപ്പുണ്ടായിരിക്കും. ഒരേ നിദാനങ്ങളിൽ നിന്ന് വിജ്ഞാനം കരസ്ഥമാക്കിയതിൻെറ തെളിവു കൂടിയാണത്.

(10) അവർ അഖില മനുഷ്യരോടും കാരുണ്യവും കനിവും കാണിക്കുന്നവരായിരിക്കും.

(11) അവർക്ക് അല്ലാഹുവിനോടും ദൂതനോടും വിശുദ്ധഖുർആനോടും മുസ്‌ലിം നേതാക്കളോടും മുസ്‌ലിം ബഹുജനങ്ങളോടുമെല്ലാം ഗുണകാംക്ഷയുണ്ടായിരിക്കും.

(12) മുസ്‌ലിം പ്രശ്നങ്ങളിൽ അവർക്ക് ശ്രദ്ധയുണ്ടായിരിക്കും. മുസ്‌ലിംകളെ സഹായിക്കാനും അവരുടെ അവകാശങ്ങൾ നൽകാനും അവരുടെ വിഷമതകൾ പരിഹരിക്കാനും അവർക്ക് താല്പര്യമുണ്ടായിരിക്കും. ഇതെല്ലാം തന്നെ അഹ്‌ലുസ്സുന്നത്തിവൽജമാഅത്തിൻെറ സവിശേഷതകളാണ്.

●●

# مجمل أصول
# اهل السنة والجماعة
# فى العقيدة

دار النشر والتوزيع
ندوة المجاهدين بكيرلا ، كاليكوت - الهند